# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1697 05.02.2019 -ലെ മറുപടിയ്ക്ക്

**ഉന്നത വിദ്യാഭ്യാസ രംഗത്ത് റൂസ വഹിക്കുന്ന പങ്ക്**

*ചോദ്യം*

ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ.കെ. രാജൻ
,, ഇ.ടി. ടൈസൺ മാസ്റ്റർ
,, വി.ആർ. സുനിൽ കുമാർ

*ഉത്തരം*

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ നിലവാരം ഉയർത്തുന്നതിൽ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) വഹിക്കുന്ന പങ്കിനെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br>സംസ്ഥാനത്തെ സർവ്വകലാശാലകളും കോളേജുകളും ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുകയെന്ന ലക്ഷ്യത്തോടെയാണ് രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (RUSA) ആരംഭിച്ചിട്ടുള്ളത്.<br><br>റൂസ-1 പദ്ധതി വഴി കേരളത്തിൽ ഇതുവരെ 21 ഗവൺമെന്റ് കോളേജുകൾക്കും 6 സർവ്വകലാശാലകൾക്കും ഒരു അക്കാദമിക് സ്റ്റാഫ് കോളേജിനും ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്.<br><br>റൂസ 2 പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എയിഡഡ് / സർക്കാർ ഉൾപ്പെടെ 99 കോളേജുകൾ, 5 സ്വയംഭരണ കോളേജുകൾ, അക്കാഡമിക് സ്റ്റാഫ് കോളേജ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.<br><br>റൂസയിൽ നിന്നുള്ള ഫണ്ടുപയോഗിച്ച് വയനാട് ജില്ലയിലെ പെരിയയിൽ ഒരു മോഡൽ ഡിഗ്രി കോളേജ് |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിലേക്കായി ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള **10** ഏക്കർ സ്ഥലം ലഭിച്ചിട്ടുണ്ട്. കോളേജ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br><br>റൂസ പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | റൂസ ഫണ്ടിംഗിനുള്ള മുൻ ഉപാധികൾ എന്തൊക്കെയാണെന്നും അവയെല്ലാം കൃത്യമായി സംസ്ഥാനത്ത് നടപ്പാക്കിയോയെന്നും വ്യക്തമാക്കുമോ; | (ബി) | റൂസയിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിന്റെ പ്രധാന മാനദണ്ഡം സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുള്ള NAAC/NBA ഗ്രേഡാണ്. NAAC ഗ്രേഡുള്ള മുഴുവൻ സർവ്വകലാശാലകളും ഉയർന്ന NAAC ഗ്രേഡ് നേടിയ ഗവൺമെന്റ് കോളേജുകൾക്കും Performing പദവി നേടിയിട്ടുള്ള അക്കാദമിക് സ്റ്റാഫ് കോളേജിനുമാണ് റൂസ 1-ന്റെ ഭാഗമായി ഫണ്ട് ലഭിച്ചിട്ടുള്ളത്.<br><br>റൂസ 2-ന്റെ ഭാഗമായി തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ള 4 പ്രധാന ഘടകങ്ങളിൽ, ഘടകം 8-ന് (Component 8: Enhancing Quality and Excellence in select Autonomous Colleges) ഫണ്ട് ലഭിക്കണമെങ്കിൽ 3.51-ന് മുകളിൽ കാലാവധി തീരാത്ത NAAC ഗ്രേഡും, സ്വയംഭരണ പദവിയുമാണ് പ്രധാന മാനദണ്ഡം. ഘടകം 9-ൽ (Component 9: Infrastructure Grants to Colleges) ഫണ്ട് ലഭിക്കുന്നതിനുള്ള പ്രധാന മാനദണ്ഡം 2.5 നും 3.5 നും ഇടയ്ക്കുള്ള കാലാവധി തീരാത്ത NAAC ഗ്രേഡാണ്. ഘടകം 10 പ്രകാരം (Component 10: Research, Innovation and Quality Improvement) സർവ്വകലാശാലകൾക്ക് ഗവേഷണരംഗത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഉയർന്ന NAAC ഗ്രേഡാണ് പ്രധാന മാനദണ്ഡമായി |

| | | | |
|---|---|---|---|
| | | | പ്രഖ്യാപിച്ചിട്ടുള്ളത്. സാമൂഹിക-ശാസ്ത്ര ഗവേഷണ രംഗത്ത് സർവ്വകലാശാല കൈവരിച്ചിട്ടുള്ള നേട്ടങ്ങളും പ്രസ്തുത ഘടകത്തിൽ ഉൾപ്പെടുത്തി ഫണ്ട് ലഭിക്കുന്നതിനുള്ള മാനദണ്ഡമാണ്. |
| (സി) | ഉന്നത വിദ്യാഭ്യാസ രംഗത്തെ വാണിജ്യതാല്പര്യങ്ങൾക്ക് മുൻഗണന നല്കുന്ന ഈ പദ്ധതി അക്കാദമിക താല്പര്യങ്ങൾ സംരക്ഷിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ഉദ്ദേശ്യത്തിലാണ് റൂസ പ്രവർത്തിക്കുന്നത്. അക്കാദമിക താൽപ്പര്യങ്ങൾ മാത്രം മുൻനിർത്തി പ്രവർത്തിക്കുന്ന റൂസയിൽ വാണിജ്യ താൽപ്പര്യങ്ങൾക്ക് യാതൊരുവിധ പരിഗണനയും നൽകുന്നില്ല. |
| (ഡി) | ചോയിസ് ബേസ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം വിഭാവനം ചെയ്യപ്പെട്ട രീതിയിൽ പൂർണ്ണമായും നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ശുപാർശയുടെ അടിസ്ഥാനത്തിൽ 2009-10 അക്കാദമിക് വർഷം മുതൽ സംസ്ഥാനത്ത് ബിരുദതലത്തിൽ സി.ബി.സി.എസ്.എസ്. (Choice Based Credit Semester System) സമ്പ്രദായം നടപ്പിലാക്കിയിരുന്നു. അക്കാദമിക ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് ഈ മാറ്റം കാരണമായിട്ടു ണ്ടെന്നാണ് പൊതുവേ വിലയിരുത്തപ്പെടുന്നത്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

റൂസ പദ്ധതി പ്രകാരം നിലവിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

- യൂണിവേഴ്സിറ്റികൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സാമ്പത്തിക സഹായം – നിലവിൽ 6 യൂണിവേഴ്സിറ്റികൾക്ക് 20 കോടി രൂപ വീതം ലഭിക്കുന്ന പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ അംഗമായിട്ടുള്ള സ്ഥാപനങ്ങൾക്ക് അനുവദിക്കപ്പെട്ട തുക അതാത് സർവ്വകലാശാലകൾക്ക് നല്കി കഴിഞ്ഞു
- കോളേജുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സാമ്പത്തിക സഹായം – നിലവിൽ 2 കോടി രൂപ വീതം 20 ഗവൺമെന്റ് കോളേജുകൾക്ക് ലഭിക്കുന്ന പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ അനുവദിക്കപ്പെട്ട തുക അതാത് കോളേജുകൾക്ക് നല്കി കഴിഞ്ഞു. റൂസ 2-ാം ഘട്ടവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ അർഹരായ മുഴുവൻ ഗവൺമെന്റ് & എയ്ഡഡ് കോളേജുകളെയും പദ്ധതിയിൽ അംഗമാക്കുന്നതിനുള്ള നടപടികൾക്ക് റൂസയുടെ അംഗീകാരം ലഭിക്കുകയും തുക അതാത് കോളേജുകൾക്ക് നല്കാനുള്ള നടപടികൾ സ്വീകരിച്ച് വരികയും ആണ്.
- കേരള സർവ്വകലാശാലയിലെ യു.ജി.സി.അക്കാദമിക് സ്റ്റാഫ് കോളേജിന് അധ്യാപക ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതിക്കായി 1 കോടി രൂപ ലഭിക്കുന്ന പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയിൽ അനുവദിക്കപ്പെട്ട തുകയുടെ ഒന്നാംഘട്ടം 50 ലക്ഷം രൂപ പ്രസ്തുത യു.ജി.സി. അക്കാദമിക് സ്റ്റാഫ് കോളേജിന് നല്കി കഴിഞ്ഞു. രണ്ടാം ഘട്ടമായി 15 ലക്ഷം രൂപ റൂസ 2 പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്.
- സർവ്വകലാശാലകൾ / കോളേജുകൾ സംഘടിപ്പിക്കുന്ന അന്തർദേശീയ ദേശീയ സെമിനാറുകൾ, ശില്പശാലകൾ എന്നിവക്ക് സാമ്പത്തിക സഹായം.
- മാതൃകാ കോളേജ് പദ്ധതി പ്രകാരം ഇടുക്കി ജില്ലയിലെ മൂന്നാർ ഗവൺമെന്റ് കോളേജിന്, 4 കോടി രൂപ ലഭിക്കുന്ന പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചു
- സംസ്ഥാനത്തെ മുഴുവൻ സർക്കാർ കോളേജുകളെയും ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് പദ്ധതി നിലവിൽ 18 ഗവ. കോളേജുകളിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.
- സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 40 ഗവ. കോളേജുകളിൽ ഇ ജേർണലും ലാപ്ടോപ്പും നല്കി അക്കാദമിക ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതി.
- 33 ഗവൺമെന്റ് ആർട്ട്സ് & സയൻസ് കോളേജുകളിൽ സ്ത്രീ സൗഹൃദ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് റൂസ അംഗീകാരം ലഭ്യമാക്കുകയും ആയതിൽ 27 കോളേജുകളിലെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.
- സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 40 ഗവ. കോളേജുകളിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഉപയോഗിക്കുവാൻ സാധിക്കുന്ന വിധത്തിൽ തയ്യാറാക്കിയ പ്രത്യേക ലാപ്ടോപ്പും, സോഫ്റ്റ് വെയറും നല്കുന്ന പദ്ധതി.
- 'ശാസ്ത്രയാൻ പദ്ധതി 2018'- സർവ്വകലാശാലകളിലെയും കോളേജുകളിലെയും ഗവേഷണനേട്ടങ്ങൾ പൊതുസമൂഹത്തിന് പ്രയോജനപ്പെടുത്തുന്നതിനുള്ള നൂതന പദ്ധതി. പദ്ധതിയുടെ 1-ാം ഘട്ടത്തിൽ സംസ്ഥാനത്തെ 42 സ്ഥാപനങ്ങളെ പങ്കാളികളാക്കി.
- റൂസ 2-ാം ഘട്ടവുമായി ബന്ധപ്പെട്ട് സർവ്വകലാശാലകളിലെ ഗവേഷണ നിലവാരം

ഉയർത്തുന്ന പദ്ധതിയുടെ **(Component 10)** ഭാഗമായി സംസ്ഥാനത്തെ 2 സർവ്വകലാശാലകൾക്ക്, മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്കും കുസാറ്റിനും 50 കോടി രൂപ വീതം ലഭിക്കുന്ന പദ്ധതിക്ക് റൂസ അംഗീകാരം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ